# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1597

06.03.2017-ൽ മറുപടിക്ക്

### പദ്ധതി പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.യു. ആർ. പ്രദീപ് | ഡോ. കെ. ടി. ജലീൽ (തദ്ദേശസ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതി പ്രവർത്തികൾ മാർച്ച് 31ന് മുമ്പ് ചെയ്തു തീർക്കുന്നതിന് എന്തെല്ലാം നടപടികൾ തദ്ദേശസ്വയംഭരണവകുപ്പ് സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കാമോ; | എ) മാർച്ച് 31 ന് മുമ്പ് തന്നെ പദ്ധതികൾ പൂർത്തീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി ചെയ്ത് തീർക്കുന്നതിന് ആവശ്യമായ ബിറ്റുമിൻ വാങ്ങി കരാറുകാർക്ക് നൽകുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>ബ്ലോക്ക് പഞ്ചായത്തുകളുടെ പദ്ധതി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് വേണ്ടി ജില്ലാ തലത്തിൽ വീഡിയോ കോൺഫറൻസ് നടത്തുകയും പദ്ധതി ചെലവ് കുറവുള്ള വയനാട് ജില്ലയിൽ പദ്ധതി പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനായി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കുകയും ചെയ്തു. കൂടാതെ ബ്ലോക്ക് പഞ്ചായത്തുകൾ ഓരോ മാസവും കൈവരിക്കേണ്ട പദ്ധതി ചെലവ് സംബന്ധിച്ച ടാർജറ്റ് നിശ്ചയിച്ച് ആയത് കൈവരിക്കുന്നതിനായി നടപടി സ്വീകരിക്കുവാൻ ജില്ലാതല പ്ലാൻ മോണിറ്ററിംഗ് ഓഫീസർമാർക്ക് നിർദ്ദേശം നൽകുകയും ചെയ്തു. |

| | | |
|---|---|---|
| | | സംസ്ഥാനത്തെ നഗരസഭകളുടെ പദ്ധതി പ്രവർത്തനം മാർച്ച് 31 നകം പൂർത്തിയാക്കുന്നതിനും ഫണ്ട് ചെലവഴിക്കുന്നതിനും എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഫണ്ട് വിനിയോഗം എല്ലാ ദിവസവും മോണിറ്റർ ചെയ്തു വരുന്നു. |
| ബി) | ഇതേവരെ എത്രശതമാനം പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട് എന്നാണ് കണക്കാക്കിയിട്ടുള്ളത്; ജില്ലാ , ബ്ലോക്ക് , ഗ്രാമപഞ്ചായത്ത് തലത്തിൽ വ്യക്തമാക്കാമോ? | ബി) 27.02.2017 വരെ ഗ്രാമപഞ്ചായത്തുകൾ 26.87 ശതമാനം തുകയും, ജില്ലാ പഞ്ചായത്തുകൾ 21.59 ശതമാനം തുകയും ചെലവഴിച്ചിട്ടുണ്ട്.<br><br>ബജറ്റ് അലോക്കേഷന്റെ 28.02% സംസ്ഥാനത്തെ ബ്ലോക്ക് പഞ്ചായത്തുകൾ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ